88 (714) കാസർഗോഡ് പുതുതായി മാവേലിസ്റ്റോർ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോർ തുടങ്ങുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം ഏതെല്ലാം പഞ്ചായത്തുകളിൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത മാവേലിസ്റ്റോറുകൾ എന്നത്തേയ്ക്ക് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂളിയാർ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) കെട്ടിടം ലഭ്യമായിട്ടുണ്ട്. കൗണ്ടറിന്റേയും റാക്കിന്റേയും പണി നടന്നുവരുന്നു. അത് പൂർത്തിയാകുമ്പോൾ മാവേലി സ്റ്റോർ പ്രവർത്തനം തുടങ്ങുന്നതാണ്.

89 (715) തൃശ്ശൂർ ജില്ലയിലെ മാവേലിസ്റ്റോറുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി തൃശ്ശൂർ ജില്ലയിൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്; ഏതൊക്കെ പഞ്ചായത്തുകളിലാണ് ഇവ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ അവിണിശ്ശേരിയിൽ പുതിയൊരു മാവേലി സ്റ്റോർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) താന്ന്യം ഗ്രാമ പഞ്ചായത്തിൽ പെരിങ്ങോട്ടുകരയിൽ സ്ഥിതി ചെയ്യുന്ന മാവേലി സ്റ്റോറിന്റെ വാടക എത്ര മാസമായി കുടിശ്ശിക ഉണ്ടെന്ന് വെളിപ്പെടുത്തുമോ; കുടിശ്ശികവരാൻ കാരണമെന്ത്; വാടക കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുതിയതായി 12 മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്. പറപ്പൂക്കര, തോളൂർ, ചാഴൂർ, നാട്ടിക എന്നീ സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾക്കുള്ള അനുയോജ്യമായ കെട്ടിടങ്ങൾ ലഭിച്ചിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചാഴൂർ പഞ്ചായത്തിൽ ആലപ്പാട്ട് എന്ന സ്ഥലത്താണ് ഇപ്പോൾ മാവേലിസ്റ്റോർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) പെരിങ്ങോട്ടുകര മാവേലിസ്റ്റോറിന്റെ വാടക 1997 ഒക്ടോബർവരെ നൽകിയിട്ടുണ്ട്. 1997 ഡിസംബറിൽ കെട്ടിട ഉടമ മരിച്ചുപോയതി

LIBRARY ARCHIVES Kerala Legislative Assembly